ക്ഷാമബത്ത കുടിശ്ശിക

23 (411) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ക്ഷാമബത്ത കുടിശ്ശികയുണ്ടോ ;

(ബി) എങ്കിൽ എത്ര ഗഡു ;

(സി) ക്ഷാമബത്ത സമയത്ത് നൽകാത്തതുമൂലം ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിൽ എത്ര ശതമാനം വരെ കുറഞ്ഞ വേതനമാണ് അവർക്ക് ഇപ്പോൾ ലഭിക്കുന്നത് ;

(ഡി) അർഹതപ്പെട്ട ക്ഷാമബത്ത സമയത്ത് നൽകാത്തതുമൂലം ഇക്കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിന് എത്ര കോടി രൂപയുടെ നേട്ടമുണ്ടായി ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-7-1999, 1-1-2000, 1-7-2000 എന്നീ കാലയളവുകളിൽ നൽകേണ്ട മൂന്നു ഗഡു ക്ഷാമബത്ത കുടിശ്ശികയുണ്ട്.

(സി) ക്ഷാമബത്ത നൽകാത്തതുമൂലം അടിസ്ഥാന ശമ്പളത്തിന്റെ 9 ശതമാനം കുറഞ്ഞ വേതനമാണ് ഇപ്പോൾ സംസ്ഥാന ജീവനക്കാർക്ക് ലഭിക്കുന്നത്.

(ഡി) 1999-2000 സാമ്പത്തിക വർഷത്തിൽ 1-7-1999 മുതലുള്ള 5 ശതമാനം, 1-1-2000 മുതലുള്ള 1 ശതമാനം എന്നീ രണ്ട് ഗഡുക്കൾക്ക് മൊത്തം 129.6 കോടി രൂപ ചെലവുണ്ടാകും.

കേന്ദ്രത്തിൽനിന്ന് വാങ്ങിയ തുക

24 (412) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. വി. ബാലറാം :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഭാവിയിൽ കിട്ടുവാനുള്ള തുകകളിൽ നിന്ന് തട്ടിക്കിഴിച്ചു കൊള്ളാമെന്ന അടിസ്ഥാനത്തിൽ എത്രപ്രാവശ്യം കേന്ദ്രത്തിൽ നിന്നും തുക പറ്റിയിട്ടുണ്ട് ;

(ബി) ഓരോ പ്രാവശ്യവും ഈ വിധത്തിൽ എന്തു തുക വീതം വാങ്ങിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം വാങ്ങുന്ന തുകയ്ക്ക് പലിശ നൽകേണ്ടതുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ശതമാനമെന്ന് പറയുമോ ;

(ഇ) ഈ വിധത്തിൽ വാങ്ങിയ എത്ര തുക തട്ടിക്കഴിക്കാൻ ബാക്കി നിൽക്കുന്നുണ്ട് ;

(എഫ്) ഏതെല്ലാമിനത്തിൽ കിട്ടാനുള്ള തുകകളിൽ നിന്നാണ് ഈ തുക മുൻകൂറായി എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പറ്റിയിട്ടില്ല.

(ബി-എഫ്) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

കോൺട്രാക്ടർമാർക്ക് കൊടുത്ത് തീർക്കുവാനുള്ള കുടിശ്ശിക

25 (413) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകപ്പുമന്ത്രിസദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യൂ.ഡി. ഇറിഗേഷൻ തുടങ്ങിയ വകുപ്പുകളിലെ കോൺട്രാക്ടർമാർക്ക് ഗവൺമെന്റ് കൊടുത്ത് തീർക്കുവാനുള്ള കുടിശ്ശിക ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) 31-3-1996-ൽ ഈ കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) 31-3-2001-ൽ കുടിശ്ശിക എത്രയായിരുന്നു ;

(ഡി) ഈ കുടിശ്ശിക കൊടുത്ത് തീർക്കുവാൻ ഗവൺമെന്റ് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

1.	റോഡുകളും പാലങ്ങളും	:	വിവരം ശേഖരിച്ചുവരുന്നു
2.	കെട്ടിട വിഭാഗം	:	100.7128 കോടി രൂപ
3.	നാഷണൽ ഹൈവേ	:	6.975 കോടി രൂപ
4.	ജലസേചനവും ഭരണവും	:	55.23 കോടി രൂപ
5.	ജലസേചനം പ്രോജക്ട് 1	:	33.87 കോടി രൂപ.
6.	ജലസേചനം പ്രോജക്ട് 11	:	21.71 കോടി രൂപ.
7.	ജലസേചനം പ്രോജക്ട് 111	:	6.05 കോടി രൂപ.
8	ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്	:	1.45 കോടി രൂപ.
9.	ഇറിഗേഷൻ ആന്റ്		

LIBRARY ARCHIVES Kerala Legislative Assembly